**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1955** **29-09-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ മത്സ്യ ലഭ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓരോ വർഷവും മത്സ്യ ലഭ്യതയിൽ ഇടിവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ; | (എ) | ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി 2017 സെപ്റ്റംബറിൽ കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് (KMFR Act) ഭേദഗതി വരുത്തുകയും 2018 സെപ്റ്റംബറിൽ പുതിയ KMFR റൂൾ നിലവിൽ വരികയും ചെയ്തു. KMFR ആക്ട് ശക്തമായി നടപ്പിലാക്കിയതിലൂടെ 2018-19 വർഷത്തിൽ കടൽ മത്സ്യോത്പാദനം 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. എന്നാൽ 2019-20, 2020-21 വർഷങ്ങളിൽ കോവിഡ് പ്രതിസന്ധി മൂലം ചില മാസങ്ങളിൽ മത്സ്യബന്ധന നിയന്ത്രണം ഉണ്ടായിരുന്നതിനാൽ കടൽ മത്സ്യോത്പാദനത്തിൽ കുറവുണ്ടായി. എന്നാൽ 2021-22 മുതൽ കടൽ, ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിച്ചിട്ടുണ്ട്.<br><br>കഴിഞ്ഞ 10 വർഷത്തെ കടൽ, ഉൾനാടൻ മത്സ്യോത്പാദനത്തിന്റെ കണക്കുകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥാനത്ത് നിലവിൽ ദൈനംദിനം വേണ്ടിവരുന്ന മത്സ്യത്തിന്റെ അളവും ഇപ്പോഴുള്ള ലഭ്യതയും എത്രയെന്നും ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന മത്സ്യത്തിന്റെ അളവ് എത്രയെന്നും അറിയിക്കാമോ; | (ബി) | സംസ്ഥാനത്ത് നിലവിൽ ദൈനംദിനം ഏകദേശം 2540.48 മെട്രിക് ടൺ മത്സ്യമാണ് ആവശ്യമായി വരുന്നത്. സംസ്ഥാനത്തിന്റെ ഇപ്പോഴുള്ള ശരാശരി മത്സ്യ ലഭ്യത 2048.72 മെട്രിക് ടൺ ആകുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നും ദൈനംദിനം കേരളത്തിൽ എത്തുന്ന മത്സ്യത്തിന്റെ അളവ് 491.76 മെട്രിക് ടൺ ആണ്. പ്രധാനമായും തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് മത്സ്യം കേരളത്തിലേക്കെത്തുന്നത്. |
| (സി) | മത്സ്യ ലഭ്യതയിൽ സംസ്ഥാനത്തിന് എപ്പോൾ സ്വയം പര്യാപ്തത കൈവരിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | 2024-25 വർഷത്തെ കണക്കുകൾ പരിശോധിക്കുമ്പോൾ കടൽ മത്സ്യോത്പാദനം, ലഭിക്കാവുന്നതിന്റെ ഏകദേശം പാരമ്യതയിൽ എത്തിയിട്ടുള്ളതായി കാണാൻ കഴിയുന്നു. ഉൾനാടൻ മത്സ്യോത്പാദനവർദ്ധനയിലൂടെ മാത്രമേ |

| | | | |
|---|---|---|---|
| | | | കേരളത്തിന് മത്സ്യ ലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കഴിഞ്ഞ 10 വർഷത്തെ കടൽ, ഉൾനാടൻ മത്സ്യോത്പാദനത്തിന്റെ കണക്കുകൾ

| വർഷം | ഉത്പാദനം (മെട്രിക് ടണ്ണിൽ) | | ആകെ (മെട്രിക് ടണ്ണിൽ) |
|---|---|---|---|
| | കടൽ | ഉൾനാടൻ | |
| 2015-16 | 516745 | 210762 | 727507 |
| 2016-17 | 488336 | 188130 | 676466 |
| 2017-18 | 483686 | 189081 | 672767 |
| 2018-19 | 609730 | 192027 | 801757 |
| 2019-20 | 475368 | 205430 | 680798 |
| 2020-21 | 391683 | 224495 | 616178 |
| 2021-22 | 600802 | 225428 | 826230 |
| 2022-23 | 690945 | 229578 | 920523 |
| 2023-24 | 581422 | 251066 | 832488 |
| 2024-25 | 647253 | 280187 | 927440 |